**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :688**

**06.02.2013 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലുള്ള തഴക്കരയിലെ സ്ഥാപനങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ആർ. രാജേഷ്** | | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) മാവേലിക്കരയിലെ തഴക്കരയിൽ നൂറേക്കറിൽ സ്ഥിതി ചെയ്യുന്ന, വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥലത്ത് ആകെ എത്ര വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : | (എ) മാവേലിക്കരയിലെ തഴക്കരയിൽ സ്ഥിതിചെയ്യുന്ന വ്യവസായ വകുപ്പിനു കീഴിലുള്ള ഭൂമിയിൽ സിഡ്കോ, വ്യവസായ വാണിജ്യ ഡയറക്ടർ എന്നിവരുടെ അധീനതയിൽ യഥാക്രമം 49 -ഉം 44 -ഉം (ആകെ 91) വ്യവസായ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നു. (ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്). |
| (ബി) വ്യവസായത്തിനായി അപേക്ഷ നൽകിയവർ തന്നെയാണോ വ്യവസായ സ്ഥാപനം നടത്തുന്നത്; | : | (ബി) യഥാർത്ഥ അലോട്ടി അല്ലാത്ത ചില സംരംഭകർ വ്യവസായസ്ഥാപനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എത്ര ഏക്കർ സ്ഥലത്ത് വ്യവസായ സ്ഥാപനങ്ങളുണ്ട്; | : | (സി) വ്യവസായ വാണിജ്യ ഡയറക്ടറുടെ കീഴിൽ 14.9037 ഏക്കർ സ്ഥലവും സിഡ്കോയുടെ അധീനതയിലുള്ള 19.15 ഏക്കർ സ്ഥലത്തിൽ ഇന്റേണൽ റോഡ്, വൈദ്യുതി, വെള്ളം എന്നിവയ്ക്ക് ആവശ്യമായ സ്ഥലങ്ങൾ ഒഴികെയുള്ളവയെല്ലാം തന്നെ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിനായി അലോട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) ഓരോ വ്യവസായ സ്ഥാപനത്തിനും ആവശ്യമായ സ്ഥലത്തിന് അപേക്ഷ നൽകിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ആവശ്യപ്പെട്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : | (ഡി) ലിസ്റ്റ് അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) പ്രസ്തുത സ്ഥലത്ത് നിലവിൽ നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം; ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : | (ഇ) വിശദാംശങ്ങൾ അനുബന്ധം ഒന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) ഗോഡൌൺ ആവശ്യത്തിനായി പ്രസ്തുത സ്ഥലം കൈമാറാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ; ഗോഡൌൺ ആവശ്യത്തിനായി പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; | : | (എഫ്) ഗോഡൌൺ ആവശ്യത്തിനായി പ്രസ്തുത സ്ഥലം കൈമാറാൻ പാടില്ല എന്നു നിയമം നിലവിലില്ല. പരിശോധിച്ചിട്ടുണ്ട്. |
| (ജി) വ്യവസായം ആരംഭിക്കുവാൻ അനുവാദം കൊടുക്കുകയും, ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ നിലവിലുണ്ടോ; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | : | (ജി) വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ വ്യവസായം ആരംഭിക്കുവാൻ അനുവാദം കൊടുക്കുകയും ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ താഴെപ്പറയുന്നവയാണ്. |

| ക്രമ. നം. | യൂണിറ്റിന്റെ പേര് |
|---|---|
| 1. | ബീന ഇൻഡസ്ട്രീസ് |
| 2. | സിന്ധു റബ്ബർ ഇൻഡസ്ട്രീസ് |

സിഡ്കോ അലോട്ട് ചെയ്ത ഭൂമിയിൽ വ്യവസായ ഷെഡ്ഡിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾ ഒഴികെയുള്ളവയെല്ലാം തന്നെ പ്രവർത്തനക്ഷമമാണ്.

അനുബന്ധം ... ലഭ്യമാണ്

സെക്ഷൻ ഓഫീസർ